## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3432**

**12.12.2014 - ൽ മറുപടിക്ക്**

## കാർഷിക കലണ്ടർ

| ചോദ്യം<br>ശ്രീ. ചിറയം ഗോപകുമാർ | മറുപടി<br>ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) അതതുജില്ലകളിലുള്ള കൃഷി ഫാമുകളിൽ നിന്നും ആവശ്യമായ വിത്തുകളും മറ്റു നടീൽവസ്തുക്കളും ലഭ്യമാക്കാത്തതിനാൽ യഥാസമയം പ്രസ്തുതപ്രദേശത്തുള്ള കർഷകർക്ക് കാർഷിക പ്രവർത്തനത്തിനു കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഇല്ല.<br>കൃഷി വകുപ്പിലെ ഫാമുകൾവഴി അതതു ജില്ലകളിലെ പ്രദേശത്ത് ആവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും കർഷകർക്ക് യഥാസമയം ലഭ്യമാക്കത്തക്കരീതിയിലുള്ള പ്രവർത്തനരീതിയാണ് അവലംബിച്ചിരിക്കുന്നത്. |
| ബി) വാർഷികാടിസ്ഥാനത്തിൽ ഒരു കാർഷിക കലണ്ടറിലൂടെ ഓരോ ജില്ലയിലേയ്ക്കും വേണ്ട പ്രൊഡക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലകളിലുള്ളതായ കൃഷി ഫാമുകളിൽത്തന്നെ വേണ്ടുന്നതായ വിത്തും നടീൽവസ്തുക്കളും യഥാസമയം ലഭ്യമാക്കി പ്രദേശത്തെ കർഷകർക്കു വിതരണം ചെയ്യുന്നതു സാദ്ധ്യമാക്കാനുള്ള ശ്രമമുണ്ടാകുമോ ;<br><br>സി) എങ്കിൽ, ആയത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിക്കുമോ ? | ബി) & സി) ഓരോ ഫാമുകളിലും ഒരു കലണ്ടർ ഓഫ് ആക്ടിവിറ്റി പ്രകാരമാണ് നടീൽ വിത്തുകൾ ഉൽപാദിപ്പിക്കുന്നത്. വാർഷികാടിസ്ഥാനത്തിലുള്ള ഫോർക്കാസ്റ്റ് പ്രകാരമാണ് ഫാമിലെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉല്പന്നങ്ങൾ കർഷകർക്ക് യഥാസമയം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**